WEDNESDAY 03.04.2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/04/2024

1. തെങ്ങിൻതോപ്പുകളിൽ ഉൽപാദനവർധനയ്ക്കായി ശാസ്ത്രീയ പരിപാലനമുറകൾ അനുവർത്തിക്കുന്നതിന് കൃഷിവകുപ്പ് സംയോജിതകൃഷിക്കു സഹായം നൽകുന്നു. മണ്ണുപരിപാലന ഉപാധികൾ, വേപ്പിൻപിണ്ണാക്ക്, എൻപികെ വളം, മഗ്നീഷ്യം സൽഫേറ്റ്, സസ്യസംരക്ഷണോപാധികൾ, ജീവാണുവളങ്ങൾ, ജൈവ കീടനാശിനികൾ, പച്ചിലവള വിത്തുകൾ, ഇടവിളകൾ എന്നിവയ്ക്കാണ് സഹായം. ക്ലസ്റ്റർ അടി സ്ഥാനത്തിൽ ഒരു പ്രദേശത്ത് തുടർച്ചയായി 25-50 ഹെക്ടറിൽ കൃഷി ചെയ്യുകയാണ് ലക്ഷ്യം. ഹെക്ടറിന് 35,000 രൂപ രണ്ടു ഗഡുക്കളായി സഹായം നൽകും.

2. മത്സ്യഫെഡിന്റെ 20 ടൺ ഫ്രീസിംഗ് കപ്പാസിറ്റിയും, 600 ടൺ കോൾഡ് സ്റ്റോറേജ് കപ്പാസിറ്റിയുമുള്ള കൊച്ചങ്ങാടിയിലുള്ള മത്സ്യഫെഡ് ഐസ് ആൻ്റ് ഫ്രീസിംഗ് പ്ലാന്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഭാഗികമായി വാടകയ്ക്ക് നൽകുന്നു. താത്പര്യമുള്ളവർ 9526041126, 9526041195 നമ്പരുകളിൽ ബന്ധപ്പെടുക.

3. ജൈവ കൃഷിയുടെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, കേരള കാർഷിക സർവകലാശാല ആരംഭിച്ച മൂന്ന് മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് ആണ് Organic Interventions for Crop Sustainability പൂർണമായും ഓൺലൈൻ ആയുള്ള ഈ കോഴ്സ് പ്ലസ് ടു വിജയിച്ച ആർക്കും ചെയ്യാവുന്നതാണ്. താല്പര്യമുള്ളവർക്ക് രണ്ടാമത്തെ ബാച്ചിലേക്ക് 100 രൂപ അടച്ചു രജിസ്റ്റർ ചെയ്യാവുന്നതാണ്. റെജിസ്ട്രേഷൻ ലിങ്ക് : https://forms.gle/MFzYDVspFug1pSci7` കൂടുതൽ വിവരങ്ങൾക്ക് സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മണ്ണുത്തിയുടെ 0487-2371104

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്ന ഫോൺ നമ്പരിലോ www.kau.in,www.cti.kau.in എന്ന വെബ്സൈറ്റിലോ, cti@kau.in എന്ന ഈ മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

4. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം പദ്ധതികൾ നടപ്പാക്കാൻ താൽപ്പര്യമുള്ള പഞ്ചായത്തുകൾക്ക് അപേക്ഷിക്കാം. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം, പിൻ-695024. ഫോൺ - 9495000920, 9495000933.

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "പഴം-പച്ചക്കറി സംസ്കരണവും വിപണനവും" എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മലയാള ഭാഷയിൽ ഉള്ള ഈ കോഴ്സിന്റെ ദൈർഘ്യം മൂന്ന് മാസമാണ്. താല്പര്യമുള്ളവർക്ക് www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: 2024 ഏപ്രിൽ 17. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി: 2024 ഏപ്രിൽ 16. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.